പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1786 05.02.2019 ൽമറുപടിയ്ക്ക്

## സ്റ്റേജ് ക്യാരേജുകളായ ബസ്സുകളുടെ കാലാവധി വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളായ റൂട്ട് പെർമിറ്റുള്ള സർവ്വീസ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽ നിന്നും 20 വർഷമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ഓർഡിനറിയായി സർവ്വീസ് നടത്തുന്ന സ്റ്റേജ് ക്യാരേജുകളുടെ കാലാവധി 15 വർഷത്തിൽ നിന്ന് 20 വർഷമാക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ്/ ഓർഡിനറി ബസ്സുകളുടെ കാലാവധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ഇത്തരത്തിൽ സ്റ്റേജ് ക്യാരേജുബസ്സുകളുടെ കാലാവധി ഉയർത്തുമ്പോൾ അവ കർശനമായി പരിശോധിച്ച് ബസ്സുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സ്റ്റേജ് ക്യാര്യേജുകളുടെ കാര്യക്ഷമത കൃത്യമായും പരിശോധിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് സമയത്തും, തുടർ പരിശോധന വേളകളിലും ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതാണ്. പെർമിറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ